**മോഹൻദാസ് കരംചന്ദ് ഗാന്ധി മഹാത്മാ ഗാന്ധിയായി തീർന്ന ചരിത്രസാഹചര്യങ്ങളും സത്യത്തിനും അഹിംസയ്ക്കും പ്രധാന്യം നൽകിയുള്ള അദ്ദേഹത്തിന്റെ സാമൂഹിക – രാഷ്ട്രീയ ജീവിതവും വ്യക്തിപരമായ സംഘർഷങ്ങളും അനുവാചകർക്കായി തുറന്നിട്ടുകൊണ്ട് നാരയാൺ ദേസായി പറഞ്ഞ ഗാന്ധികഥയുടെ ദർശനപരമായ ദൗത്യങ്ങളെക്കുറിച്ച് ഗാന്ധിയനും ഗാന്ധികഥയുടെ പരിഭാഷകനുമായ ടി.ആർ.എൻ. പ്രഭു**

# ഗാന്ധികഥ നമ്മുടേതും ആകേണ്ടതല്ലേ?

**സത്യത്തെ** ജീവിതത്തിൽ സ്വീകരിച്ച, സത്യത്തിനായി ജീവതത്തെ പരീക്ഷണ ശാലയാക്കിയ ഒരു വ്യക്തിയായിട്ടാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി ചരിത്രത്തിൽ അറിയപ്പെടുന്നത്. സാധാരണക്കാരനായി ജീവിച്ച് മഹാത്മാഗാന്ധിയായി ഉയർന്ന അദ്ദേഹത്തിന്റെ ജീവിതത്തിൽ എന്ത് പരിവർത്തമാണുണ്ടായത് എന്നറിയാനുള്ള ആഗ്രഹമായിരിക്കാം ഒരു പക്ഷെ നാനാ തുറയിൽപെട്ട പലരെയും തൃശൂരിൽ നടന്ന ഗാന്ധിയൻ വർത്തമാനം പരിപാടിയിലേക്ക് ആകർഷിച്ചതും പിടിച്ചിരുത്തിയതും.

മഹാത്മാഗാന്ധിയുടെ തിരക്കിട്ട നാളുകളിൽ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയുടെ മകനും ഗാന്ധിജിയോടൊപ്പം കുട്ടിക്കാലം കഴിച്ചുകൂട്ടാൻ ഭാഗ്യം ലഭിക്കുകയും ചെയ്ത നാരായൺ ദേസായി പറഞ്ഞ 'ഗാന്ധികഥ' പരിപാടിയുടെ പ്രധാന ആകർഷണമായിരുന്നു. ഗാന്ധിയുമായി ബന്ധപ്പെട്ടിട്ടുള്ള 'റിബൽ' ആയിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്. ഇത്രക്ക് അനുഭവ സമ്പത്തുള്ള ഒരു വ്യക്തിയുടെ മുഖത്ത് നിന്നും ഗാന്ധിയെക്കുറിച്ച് കേൾക്കണമെന്ന ആഗ്രഹമാണ് എന്നെ ഗാന്ധിയൻ വർത്തമാനത്തിലെക്ക് നയിച്ചത്. നാരായൺ ദേസശായിക്ക് അനുഭവവേദ്യമായ സംഭവഗതികൾ അതിന്റെ വികാര തീവ്രതയോടെ കേൾക്കാനും അതിനെ സ്വാംശീകരിക്കാനും ഞാനാഗ്രഹിച്ചു.

വികാരങ്ങളും തീവ്രതയും വിക്ഷോഭങ്ങളും മാറി മാറി വരുന്ന ജീവിതം മുന്നിൽ ഇതൾ വിരിയുമ്പോൾ അതനുഭവിക്കാൻ കഴിയുന്നത് എത്രമാത്രം ഭാഗ്യമാണ്. പ്രസിദ്ധ ചിന്തകനായ കാർലൈൽ പറഞ്ഞു – ''വിപ്ലവ കാലഘട്ടത്തിൽ ജീവിച്ചിരിക്കുകയെന്നത് ഭാഗ്യമാണ്, പ്രത്യേകിച്ചും യുവാവായിരിക്കുമ്പോൾ''. ബാല്യവും യൗവ്വനവും ഗാന്ധിജിയുടെ സാന്നിദ്ധ്യമറിഞ്ഞ ഒരു വ്യക്തിയാണ് മുന്നിൽ. ഞാനോ, ഗാന്ധിയെ കാണാൻ കഴിയാതിരുന്ന ഒരാളും. ഈ അവസര

ത്തിലാണ്, ഏതോ ദൈവനിയോഗം പോലെ ഈ കഥ പറയുന്ന അഞ്ച് ദിവസങ്ങളിലും അത് ഹിന്ദിയിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പറയാനുള്ള ദൗത്യം എന്നിൽ വന്നുചേർന്നത്. മുന്നിലിരുന്ന് ഗാന്ധികഥ കേൾക്കാൻ ആഗ്രഹിച്ച എനിക്ക്, അത് മറ്റുള്ളവരിലെത്തിക്കാനുള്ള ബാദ്ധ്യതയാണ് വന്നുഭവിച്ചത്. നാരായൺ ദേസായിയുമായി നടന്ന സംസാരത്തിൽനിന്നും അദ്ദേഹം പറയുന്ന 92-ാമത്തെ ഗാന്ധികഥയാണിതെന്നും, ഇവിടെ അദ്ദേഹം ഗാന്ധിയുടെ ജീവിത പശ്ചാത്തലത്തിൽ നിന്നുകൊണ്ട് 'സത്യാഗ്രഹ'ത്തെക്കുറിച്ചാണ് പറയുകയെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഗാന്ധിയുടെ ജീവിതത്തെ 91 പ്രാവശ്യം പല സ്ഥലങ്ങളിലുമായി അദ്ദേഹം ഇതിനകം, ഈ ശൃംഖലയിൽപ്പെടുത്തി വിവരിച്ചിരിക്കുന്നു, പല രൂപാന്തരണങ്ങളിലായി. എന്തുകൊണ്ട് സത്യാഗ്രഹം എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി സരളമായിരുന്നു. കേരളത്തിന്റെ പലഭാഗങ്ങളിൽനിന്നും സമാധാനപരമായി നടത്തുന്ന ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവരും ഒരു ബദൽ സംവിധാനം കണ്ടെത്താൻ ശ്രമിക്കുന്നവരുമായ സുഹൃത്തുക്കളാണ് ഇവിടെ ഒത്തു ചേരുന്നത്. അവക്ക് സത്യാഗ്രഹ ദർശനം സാധ്യമാകട്ടെയെന്ന് തോന്നി. എത്ര ഉദാരമായ ദൗത്യം. കഥ നടക്കുന്നതിനോടൊപ്പം അത് കേട്ട്, മലയാളത്തിലേക്ക് മൊഴി മാറ്റുകയെന്നതായിരുന്നു എന്റെ ദൗത്യം. ഇത് പത്ത് കിലോമീറ്റർ പരിധിക്കുള്ളിൽ കേൾക്കാ നുള്ള സൗകര്യം എഫ്.എം റോഡിയോ വഴി ഒരുക്കിയിരുന്നു. വളരെ ശ്രദ്ധിച്ച് കേൾക്കണം, ഓരോ ശബ്ദവും മനസ്സിലാക്കി അത് മലയാളത്തിലാക്കി പറഞ്ഞുകൊടുക്കണം, എനിക്കിത് കഴിയുമോ എന്ന് തുടക്കത്തിൽ ചെറിയ സംശയം ഉണ്ടാകാതിരുന്നില്ല. എന്നാലും നാരായൺ ദേസായിയുടെ ഘനഗാംഭീര്യമാർന്ന മുഖവും ഹിന്ദി അറിയുന്ന കുട്ടികൾ അടക്കമുള്ള ശ്രോതാക്കളും മുന്നിൽ തെളിഞ്ഞുകണ്ടപ്പോൾ, ഇത് നടത്തണമെന്ന ആഗ്രഹം മനസ്സിൽ ഉറപ്പിക്കുകയായിരുന്നു.



നാരായൺ ദേസായി ഗാന്ധികഥ അവതരിപ്പിക്കുന്നു

**ഹിന്ദു മുസ്ലീം ഐക്യത്തിന് വേണ്ടി, ഹരിജനങ്ങൾക്ക് മറ്റുള്ളവരോടൊപ്പം അർഹമായ അവകാശം നേടിയെടുക്കാൻ വേണ്ടി അദ്ദേഹം കിണഞ്ഞ് പരിശ്രമിച്ചു. വിഭജനം ഒഴിവാക്കാൻ അദ്ദേഹം നടത്തിയ തുടർച്ചയായ ശ്രമങ്ങൾ ഒരു പക്ഷേ ലോകം വേണ്ടപോലെ മനസ്സിലാക്കിയുമില്ലായെന്ന് തോന്നുന്നു. ഒരു വലിയ സംഘടിതമായ ഗൂഢാലോചനയുടെ ഭാഗമായാണ് ഈ നാടിനെ വെട്ടി പങ്കിടാൻ തീരുമാനിച്ചത്. അധികാരലബ്ധിക്ക് വേണ്ടിയുള്ള അക്ഷമയും അതിന്റെ പിന്നിലുണ്ടായിരുന്നു**

ഒന്നാം ദിവസത്തെ കഥയിൽ, ഗാന്ധിയിൽ അഹിംസ എങ്ങിനെ ജന്മമെടുത്തു. അത് സ്വന്തം ഭവനത്തിലും ഇംഗ്ലണ്ടിലെ പഠനകാലത്തും വളർന്ന് ദക്ഷിണാഫ്രിക്കയിൽവച്ച് പാകപ്പെട്ടതെങ്ങിനെയെന്ന കാര്യമാണ് പ്രധാനമായും വിവിധ സംഭവങ്ങളെ നിരത്തിവെച്ച് അദ്ദേഹം വിവരിച്ചത്.

രണ്ടാമത്തെ ദിനം ഗാന്ധി ലോകത്തിന് സമ്മാനിച്ച അമൂല്യമായ 'സത്യാഗ്രഹ'മെന്ന ആയുധത്തിന്റെ താത്വിക വിശകലനം അദ്ദേഹം നടത്തി. തെക്കെ ആഫ്രിക്കയിൽ, പീറ്റർ മാരിട്ട്സ് ബർഗ് സ്റ്റേഷനിൽ തണുത്തുറഞ്ഞ രാത്രിയിൽ തീവണ്ടിയുടെ ഒന്നാം ക്ലാസ്സ് കംപാർട്ട്മെന്റിൽനിന്നും പ്ലാറ്റ്ഫോറത്തിലേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ എന്ത് പരിവർത്തനമാണുണ്ടായത് എന്ന് നാരായൺ ദേസായി സാഹചര്യങ്ങളെയും ഗാന്ധിയിൽ രൂപപ്പെട്ട ചിന്തയെയും കൂട്ടിയിണക്കി സരളമായി പ്രതിപാദിച്ചു. ഗാന്ധിയുടെ മനസ്സിൽ രൂപം കൊണ്ട 'സത്യാഗ്രഹം' ഫലപ്രദമായി ഉപയോഗപ്പെടുത്തി നടത്തിയ സമരമുഖങ്ങളെക്കുറിച്ചും അതിൽ അദ്ദേഹത്തിന് കൈവന്ന വളർച്ചയുടെയും വിജയങ്ങളുടെയും കഥകളാണ് മൂന്നാം ദിവസം കഥയിലൂടെ അനാവരണം ചെയ്യപ്പെട്ടത്. തെക്കേ ആഫ്രിക്കയിൽ നിന്നും വിജയശ്രീലാളിതനായി ഭാരതത്തിൽ തിരിച്ചെത്തി, നാടിനെ ചുറ്റി നടന്ന് കണ്ട് പഠിച്ച ഗാന്ധി പിന്നീട് നടത്തിയ ചമ്പാരൻ, ഖേഡാ, വൈക്കം സത്യാഗ്രഹങ്ങളും, ലോകത്തിൽ അറിയപ്പെട്ട ഏറ്റവും വലിയ സിവിൽ നിയമലംഘനമായ ദണ്ഡിയാത്രയെക്കുറിച്ചും അദ്ദേഹം വസ്തുനിഷ്ഠമായി പരാമർശിച്ചു. ഉപ്പ്



നിയമ ലംഘനത്തിലൂടെ ഭാരതീയരെ പ്രവർത്തന നിരതമാക്കാൻ, ജനകീയ സമരത്തിന്റെ മുൻപന്തിയിലെത്തിക്കാൻ ഗാന്ധിക്ക് കഴിഞ്ഞു.

നാലാം ദിവസത്തെ കഥയിൽ ഗാന്ധിക്ക് അക്കാലത്തെ മറ്റുള്ള നേതാക്കന്മാരിൽനിന്നുള്ള വ്യത്യാസം, ജീവിത തപസ്യവ്രതങ്ങൾക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിരുന്ന സ്വാധീനം, ആശ്രമ ജീവിതം, നൂൽ നൂൽപ്പ്, ശുചീകരണം, സാമൂഹ്യ പ്രാർത്ഥന എന്നിവയിലൂടെ സത്യാഗ്രഹത്തിന്റെ ജീവൻ നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടു. ഭാരതത്തെ പോലെ വ്യത്യസ്ഥകളുള്ള രാഷ്ട്രത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത നായകനായി അദ്ദേഹം എങ്ങിനെ ഉയർന്നുവെന്നും അന്നത്തെ രാഷ്ട്രീയ സാമൂഹ്യ സ്ഥിതിഗതികളുടെ പോക്ക് എങ്ങോട്ടായിരുന്നുവെന്നു വിശദീകരിച്ചുകൊണ്ട് ദേസായി അന്ന് സംസാരിച്ചു. ഗാന്ധിയുടെ ജീവിതത്തിൽ ഏറ്റവും അടുത്തുനിന്ന മഹാദേവ് ദേസായിയുടെയും കസ്തൂർബാ ഗാന്ധിയുടെയും മരണം ആഗാഖാൻ കൊട്ടാരത്തിലെ തന്റെ തടവുകാലത്ത് തന്നെ നടന്നത് അദ്ദേഹത്തെ ഏറെ തളർത്തിയെന്നത് സത്യമാണ്. എങ്കിലും അദ്ദേഹം കർത്തവ്യം മറന്നില്ല. തികച്ചും കർമ്മോജ്വലമായി മുന്നേറുകയാണ് ചെയ്തത്.

അഞ്ചാമത്തെതും അന്തിമവുമായ ചരണത്തിൽ, നവഖാലി യാത്ര, ഭാരത വിഭജനം, ജീവിതാന്ത്യം എന്നിവയെക്കുറിച്ച് ദേസായി ഭാവാത്മകമായി വിവരിച്ചു. ഒന്നിലേറെ പ്രാവശ്യം അദ്ദേഹം വികാരധീനനായി. സദസ്സ് മൂകമായി. ചിലരെല്ലാം കണ്ണ് തുടയ്ക്കുന്നതായും കണ്ടു. ആ സംഭവങ്ങൾ എല്ലാം അത്തരത്തിലുള്ളവയായിരുന്നല്ലോ. ഹിന്ദു മുസ്ലീം ഐക്യത്തിന് വേണ്ടി, ഹരിജനങ്ങൾക്ക് മറ്റുള്ളവരോടൊപ്പം അർഹമായ അവകാശം നേടിയെടുക്കാൻ വേണ്ടി അദ്ദേഹം കിണഞ്ഞ് പരിശ്രമിച്ചു. വിഭജനം ഒഴിവാക്കാൻ അദ്ദേഹം നടത്തിയ തുടർച്ചയായ ശ്രമങ്ങൾ ഒരു പക്ഷേ ലോകം വേണ്ടപോലെ മനസ്സിലാക്കിയുമില്ലായെന്ന് തോന്നുന്നു. ഒരു വലിയ സംഘടിതമായ ഗൂഢാലോചനയുടെ ഭാഗമായാണ് ഈ നാടിനെ വെട്ടി പങ്കിടാൻ തീരുമാനിച്ചത്. അധികാരലബ്ധിക്ക് വേണ്ടിയുള്ള അക്ഷമയും അതിന്റെ പിന്നിലുണ്ടായിരുന്നു. അതുപോലെ തന്നെ തികച്ചും ഹീനമായ മറ്റൊരു ഗൂഢാലോചനയിലൂടെയാണ് അദ്ദേഹം വധിക്കപ്പെട്ടതും.

ചിന്തകനും, ബുദ്ധമതസന്യാസിയും തിബത്തൻ മുൻപ്രധാനമന്ത്രിയുമായ പ്രൊഫ. സംദോങ്ങ് റിംപോച്ചെയാണ് 'ഗാന്ധികഥ' ഉൽഘാടനം ചെയ്തത്. ദിവസേന മൂന്നു മണിക്കൂർ സമയം എടുത്ത് അഞ്ചു ദിവസംകൊണ്ടാണ് ദേസായി ഗാന്ധിയുടെ കഥ പറഞ്ഞു തീർത്തത്.

'ഗാന്ധികഥ' ശ്രോതാക്കളിൽ എന്തനുഭവമാണ് സൃഷ്ടിച്ചത്? ഇതറിയാൻ ചുരുങ്ങിയ തോതിൽ നടത്തിയ അന്വേഷണങ്ങളിൽ നിന്നും ഗ്രഹിക്കാൻ കഴിഞ്ഞത്- അത് ചിലരെ പ്രബുദ്ധരാക്കി. ചിലർക്ക് ഗാന്ധിയെക്കുറിച്ചുണ്ടായിരുന്നു തെറ്റിദ്ധാരണ തിരുത്താൻ സഹായിച്ചു. മുന്നോട്ടുള്ള യാത്രയിൽ ഗാന്ധി വഴികാട്ടിയാണെന്നും സഹയാത്രികനാണെന്നും ചിലർ മനസ്സിലാക്കി. ജീവിതത്തിന്റെ നടപ്പാതയിൽ ആദ്ധ്യാത്മികത സന്തോഷം നൽകുന്നുവെന്ന് ചിലർ തിരിച്ചറിഞ്ഞു. ചിലർക്ക് സത്യത്തിന്റെ ശക്തി ബോദ്ധ്യപ്പെട്ടു. ഗാന്ധി പലർക്കും പലതായിരുന്നു. ഒന്നുണ്ടായി. എല്ലാവർക്കും ഗാന്ധിയെ ഇഷ്ടമായി. നമുക്ക് മുന്നോട്ട് നടന്നു നോക്കാം.

### പുതിയ ഡോക്യുമെന്ററികൾ

**ഫില്ലിംഗ് ദ ബ്ലാങ്ക്സ്**
(ഓട്ടോ ഡ്രൈവറായിരുന്ന ദളിത് യുവതി ചിത്രലേഖയുടെ ദുരനുഭവങ്ങൾ)
സംവിധാനം : ശ്രീമിത്ത്

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ)
33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ.
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ.
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ-ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ
**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water**
(അപഹരിക്കപ്പെട്ട ജലം)
27 മിനിട്ട്, പ്ലാച്ചിമട
സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി
സംവിധാനം : മണിലാൽ
24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief)
പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ
മധുരാജ്-മാതൃഭൂമി
30 മിനിട്ട്.

**Source of Life for Sale**
60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്. കാസ്റ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943,
0487 2421385